ഫാറം VII

[ചട്ടം 23(1) കാണുക]

## കുന്നംകുളം മുനിസിപ്പൽകൌൺസിൽ

2016ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ്(2016-ലെ 9)36-ാം വകുപ്പ് (10)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ അനുമതി നൽകിയ മാസ്റ്റർ പ്ലാൻ പ്സിദ്ധീകരിച്ചതു സംബന്ധിച്ച നോട്ടീസ്

താഴെ പറയുന്ന അതിരുകളോടു കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിനായി കുന്നംകുളം മുനിസിപ്പൽ കൌൺസിൽ തയ്യാറാക്കിയ പരിഷ്കരണങ്ങളോടു കൂടി സ്വീകരിച്ച മാസ്റ്റർ പ്ലാൻ, 2016ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ്(2016-ലെ 9)36-ാം വകുപ്പ് (10-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ഉത്തരവ് നമ്പർ GO (Ms) 97/2026/LSGDതീയ്യതി 01/06/2026 പ്രകാരം അനുമതി നൽകിയിട്ടുള്ളതും മാസ്റ്റർ പ്ലാനിന് അനുമതി നൽകിയിട്ടുള്ള വസ്തുത 07/06/2026 തീയ്യതിയിലെ കേരള ഗസറ്റ് നമ്പർ 1778 വാല്യം 15 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ് എന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക്- പോർക്കുളം, കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്തുകൾ.

കിഴക്ക്- ചൊവ്വന്നൂർ, ചൂണ്ടൽ ഗ്രാമ പഞ്ചായത്തുകൾ.

തെക്ക് - കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത്, ഗുരുവായൂർ നഗരസഭ

പടിഞ്ഞാറ്- ഗുരുവായുർ നഗരസഭ, വടക്കേക്കാട് ഗ്രാമപഞ്ചായത്ത്

മാസ്റ്റർപ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദനഗരാസൂത്രണപദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

(എ) അംഗീകരിച്ച വിശദനഗരാസൂത്രണപദ്ധതികൾ- ബാധകമല്ല

(ബി) പ്രസിദ്ധീകരിച്ച വിശദനഗരാസൂത്രണപദ്ധതികൾ

**(1) ഡീറ്റെയിൽഡ് ടൌൺപ്ലാനിംഗ് സ്കീം ഫോർ സെൻട്രൽ ഏരിയ പാർട്ട്-I**
**(2) ഡീറ്റെയിൽഡ് ടൌൺപ്ലാനിംഗ് സ്കീം ഫോർ സെൻട്രൽ ഏരിയ പാർട്ട്-II**

**(സി) മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കിയ** വിശദനഗരാസൂത്രണപദ്ധതികൾ,കാരണസഹിതം

വിശദീകരിക്കുക- ബാധകമല്ല

(ഡി) നില നിർത്തുന്ന വിശദനഗരാസൂത്രണപദ്ധതികൾ-ബാധകമല്ല

സർക്കാർ അനുമതി നൽകിയ മാസ്റ്റർ പ്ലാൻ കുന്നംകുളം മുനിസിപ്പൽകൌൺസിലിൻ്റെ ഔദ്യോഗിക വെബ് സൈറ്റായ http;//kunnamkulammunicipality.lsgkerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ അനുമതി നൽകിയ മാസ്റ്റർ പ്ലാനിൻ്റെ പകർപ്പ് കുന്നംകുളം മുനിസിപ്പൽകൌൺസിൽ കാര്യാലയത്തിലും പ്രവൃത്തി സമയങ്ങളിൽ പരിശോധനക്ക് ലഭ്യമാണ്.

ഈ പ്ലാനിന് അനുസൃതമായല്ലാതെ യാതൊരാളും ഏതൊരു ഭൂമിയും വിനിയോഗിക്കുകയോ വിന്യോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂമിയുടെ വികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല

സെക്രട്ടറി

ചെയർപേഴ്സൺ

സ്ഥലം : കുന്നംകുളം

തീയ്യതി: 04/07/2026

സെക്രട്ടറി
കുന്നംകുളം നഗരസഭ

Municipal Chairperson
Kunnamkulam